(എഫ്) ഈ ഇനത്തിൽ സംസ്ഥാനത്തിന് ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ)

(എ) എഫ്.സി.ഐ. ഡിപ്പോകളിൽ വച്ചുതന്നെ തന്നാഴ്ചയിൽ വിതരണം ചെയ്യേണ്ട അരി പരിശോധനാ വിധേയമാക്കുന്നു. അതാത് ജില്ലയിലെ ജില്ലാ സപ്ലൈ ഓഫീസർ, എഫ്.സി.ഐ.യിലെ ജില്ലാ മാനേജർ, ക്വാളിറ്റി കൺട്രോളർ എന്നിവർ ചേർന്ന് പരിശോധന നടത്തി വിതരണ യോഗ്യമാണെന്ന് കാണുന്ന സ്റ്റോക്ക് മാത്രമേ വിതരണത്തിനായി തിരഞ്ഞെടുക്കാറുള്ളൂ. കൂടാതെ വിതരണ സമയത്ത് ഗുണമേന്മ ഉറപ്പുവരുത്തിയ സ്റ്റോക്കാണ് എടുക്കുന്നതെന്ന് സിവിൽ സപ്ലൈസ് വകുപ്പ് ഉദ്യോഗസ്ഥരും ഉറപ്പുവരുത്തുന്നു. മൊത്ത വ്യാപാര ഡിപ്പോകളിലും ചില്ലറ വിൽപന ഡിപ്പോകളിലും, എഫ്.സി.ഐ.യിൽ നിന്നും എത്തിച്ചേരുന്ന അരി സിവിൽ സപ്ലൈസ് വകുപ്പിലെ സഞ്ചരിക്കുന്ന പരിശോധനാ വിഭാഗം പരിശോധന നടത്തിവരുന്നുണ്ട്.

(ബി)&(സി)

ഉണ്ട്. മേൽപ്പറഞ്ഞ സംവിധാനത്തിലൂടെ എഫ്.സി.ഐ. ഡിപ്പോകളിൽ നിന്നും ഗുണനിലവാരം ഉറപ്പുവരുത്തിയ അരി മാത്രമേ തെരഞ്ഞെടുക്കാവൂ എന്ന് സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർക്ക് കർശനമായ നിർദ്ദേശവും നൽകിയിട്ടുണ്ട്. ജില്ലാ സപ്ലൈഓഫീസർ ഡിസ്ട്രിക്ട് മാനേജർ, എഫ്.സി.ഐ. ക്വാളിറ്റി കൺട്രോളർ എന്നിവരുടെ കൂട്ടായ പരിശോധനക്ക് വിധേയമായ സ്റ്റോക്കാണ് വിതരണത്തിന് നൽകുന്നത്.

(ഡി) ഉണ്ട്.

(ഇ) അരിക്കു മാത്രമാണ്.

(എഫ്) ഈയിനത്തിൽ സംസ്ഥാനത്തിന് പ്രതിവർഷം ഏകദേശം 150 കോടിയോളം രൂപ അധിക സാമ്പത്തിക ബാദ്ധ്യത വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

പൊതുവിപണിയിലെ വിലവർദ്ധന

11 (*161)ശ്രീമതി രാധാ രാഘവൻ :

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീ. കെ. ബാബു :

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ അരിയുടെയും പഞ്ചസാരയുടെയും സബ്സിഡി വെട്ടിക്കുറച്ചതുമൂലം പൊതുവിപണിയിൽ ഇവയുടെ വില വർദ്ധിക്കുവാൻ ഇടയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവയുടെ വില എത്ര വർദ്ധിച്ചുവെന്ന് വെളിപ്പെടുത്തുമോ; ഇപ്പോൾ ഇവയുടെ വില എത്ര എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് മാവേലി സ്റ്റോറുകളിൽ കൂടി വിറ്റുകൊണ്ടിരുക്കുന്ന സാധനങ്ങളുടെ വില വർദ്ധിപ്പിച്ചുവോ; എങ്കിൽ ഏതെല്ലാം സാധനങ്ങളുടെ വില വർദ്ധിപ്പിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എത്രമാത്രം വില വർദ്ധിപ്പിച്ചു; വിശദവിവരം വെളിപ്പെടുത്തുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ):

(എ) 1.4.2000 മുതൽ റേഷൻ അരിയുടെ സബ്സിഡി വെട്ടിക്കുറച്ചതിനു ശേഷം പൊതുവിപണിയിൽ ഇതുവരെ അരിയുടെ വിലയിൽ ഗണ്യമായ വർദ്ധനവ് അനുഭവപ്പെട്ടിട്ടില്ല. എന്നാൽ പഞ്ചസാരയുടെ സബ്സിഡി കുറച്ചതിനുശേഷം വിലയിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) ഏപ്രിൽ ആദ്യവാരം പഞ്ചസാരയുടെ ശരാശരി വില 14 രൂപ 79 പൈസയായിരുന്നു. ഇത് ക്രമമായി വർദ്ധിച്ച് 16 രൂപ 30 പൈസ വരെ എത്തിയെങ്കിലും വീണ്ടും കുറഞ്ഞ് 15 രൂപയായിട്ടുണ്ട്.

(സി)&(ഡി) മാവേലി സ്റ്റോറുകളിൽ കൂടി വിറ്റു കൊണ്ടിരിക്കുന്ന സാധനങ്ങളുടെ 1.5.2000, 1.6.2000 എന്നീ തീയതികളിലെ വിലവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ഗോശ്രീ പദ്ധതി

12 (*162)ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോശ്രീ പദ്ധതി നടപ്പാക്കുന്ന നടപടി ഏതു ഘട്ടത്തിലാണ്;

(ബി) ഇതു നടപ്പാക്കുവാൻ എന്തുതുക ആവശ്യമായി വരും എന്ന് അറിയിക്കുമോ;

(സി) ഈ തുക എപ്രകാരം കണ്ടെത്താമെന്നാണ് കരുതുന്നത്;

(ഡി)&(ഇ) മേൽ കീ അടിസ്ഥാനത്തിൽ ഈ പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

മുഖ്യന്ത്രി (ശ്രീ. ഇ.കെ. നായനാർ):

(എ) കൊച്ചി കായലിലുള്ള 3 ദ്വീപുകളെ കൊച്ചി പട്ടണവുമായി പാലങ്ങൾ വഴിയും റോഡുകൾ വഴിയും ബന്ധിപ്പിക്കുന്നതിനുദ്ദേശിക്കുന്ന പദ്ധതിയാണ് ഗോശ്രീ പദ്ധതി. ഇതുമായി ബന്ധപ്പെട്ട കായലിലെ രണ്ടു പരിശോധനയും കായൽ നികത്തുന്ന ജോലിയും ആരംഭിച്ചു കഴിഞ്ഞു. പാലങ്ങളുടേയും റോഡുകളുടേയും നിർമ്മാണത്തിന് ടെൻഡറുകളും ക്ഷണിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ നടത്തിപ്പിന് 84 കോടി രൂപ ചെലവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) പദ്ധതിയുടെ പ്രാരംഭ ചെലവുകൾക്കായി 1 കോടി രൂപ നടപ്പു വർഷത്തെ ബഡ്ജറ്റിൽ നീക്കി വെച്ചിട്ടുണ്ട്. ഇതിനു പുറമെ പദ്ധതിയ്ക്ക് വേണ്ടി വരുന്ന തുക കണ്ടെത്തുന്നതിന് ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly